ഹദീസ്

ടി.എം ഇസാം
teeyemisam@gmail.com

# ഇഹ്സാൻ

عَنْ عُمَرَ بْنِ الْخَطَّابِ رَضي الله عَنْهُ قَال: بَيْنَمَا نَحْنُ جُلُوسٌ عِنْدَ رَسُولِ اللَّهِ صلى الله عليه وسلم ذَاتَ يَوْمٍ، إِذْ طَلَعَ عَلَيْنَا رَجُلٌ ..... قَالَ فَأَخْبِرْنِي عَنِ الإحْسَانِ . قَالَ : أَنْ تَعْبُدَ اللَّهَ كَأَنَّكَ تَرَاهُ فَإِنْ لَمْ تَكُنْ تَرَاهُ فَإِنَّهُ يَرَاكَ

(رواه مسلم)

**ഉമറി(റ)ൽനിന്ന് നിവേദനം. ഞങ്ങൾ ഒരുദിവസം റസൂലി(സ)നോടൊപ്പം ഇരിക്കവെ, ഒരാൾ കടന്നുവന്നു.... പിന്നീട് അദ്ദേഹം ചോദിച്ചു: 'എന്താണ് ഇഹ്സാൻ?' റസൂൽ(സ) പറഞ്ഞു: 'നീ അല്ലാഹുവിനെ കാണുന്നപോലെ അവന് ഇബാദത്ത് ചെയ്യുക, നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്' (മുസ്‌ലിം).**

ജിബ്രീൽ(അ) മനുഷ്യരൂപത്തിൽ റസൂലി(സ)ന്റെ സദസ്സിൽ വരികയും ദീനിന്റെ അടിസ്ഥാനങ്ങളെക്കുറിച്ച് ചോദിക്കുകയും ചെയ്യുന്ന സംഭവം പ്രതിപാദിക്കുന്ന ദീർഘമായ ഹദീസിലെ ഒരു ഭാഗമാണിത്. ദീനിന്റെ അടിസ്ഥാനങ്ങളിൽ ഒന്നായാണ് പ്രവാചകൻ ഇഹ്സാനിനെ പരിചയപ്പെടുത്തിയത്. ദീനിന്റെ ഉസ്വൂലുകളിലൊന്നായി പണ്ഡിതന്മാരും അതിനെ ഗണിക്കുന്നു. ഏതെങ്കിലുമൊരു കർമത്തിന്റെ പേരല്ല ഇഹ്സാൻ. ചെറുതും വലുതുമായ സകല കർമങ്ങളുടെയും സർഗാത്മക സൗന്ദര്യമാണത്. മുഴുവൻ ജീവിത വ്യവഹാരങ്ങളിലും അല്ലാഹു ഇഹ്സാൻ നിർബന്ധമാക്കിയിരിക്കുന്നു എന്ന് മറ്റൊരിടത്ത് റസൂൽ(സ) പറയുന്നുണ്ട്: 'അല്ലാഹു മുഴുവൻ സംഗതികളിലും ഇഹ്സാൻ നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ കൊല്ലുമ്പോൾ ഇഹ്സാനോടു കൂടി കൊല്ലുക. നിങ്ങൾ അറുക്കുമ്പോൾ ഇഹ്സാനോടു കൂടി അറുക്കുക. അവൻ അവന്റെ കത്തി മൂർച്ച കൂട്ടുകയും അതിന് (ഉരുവിന്) ആശ്വാസം നൽകുകയും ചെയ്യട്ടെ' (മുസ്‌ലിം).

മേൽ ചേർത്ത ഹദീസിന്റെ വ്യാഖ്യാനത്തിൽ ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി *ഫത്ഹുൽ ബാരി*യിൽ എഴുതുന്നു: "കണ്ണു കൊണ്ട് കാണുന്നതുപോലെ ഖൽബ് കൊണ്ട് സാക്ഷ്യം വഹിക്കലാണ് ഇഹ്സാൻ. കലർപ്പില്ലാത്ത കർമങ്ങളാണ് ഇഹ്സാന്റെ ഉൽപ്പന്നം. ഞാൻ അല്ലാഹുവിനെ കാണുന്നില്ല എങ്കിലും അല്ലാഹു എന്നെ കാണുന്നു എന്ന ബോധം അല്ലാഹുവിനോടുള്ള ഭയഭക്തി വർധിപ്പിക്കുന്നു."

നന്നാക്കുക, പൂർണതയിൽ എത്തിക്കുക എന്നൊക്കെയാണ് ഇഹ്സാന്റെ ഭാഷാർഥം. ഒരു വ്യക്തിയുടെ ഈമാനിനെയും ഇസ്‌ലാമിനെയും അതിന്റെ ഏറ്റവും ഉത്കൃഷ്ടവും സമ്പൂർണവുമായ പദവിയിൽ എത്തിക്കലാണ് ഇഹ്സാൻ. അഥവാ ഈമാനിന്റെയും ഇസ്‌ലാമിന്റെയും സാരാംശമാണ് ഇഹ്സാൻ. അതുകൊണ്ടാണ് ഈമാനും ഇസ്‌ലാമും പിന്നെ ഇഹ്സാനും പഠിപ്പിച്ചതിനുശേഷം 'ദീൻ പഠിപ്പിച്ചിരിക്കുന്നു' എന്ന് പ്രവാചകൻ അരുളിയത്. അല്ലാഹുവിന്റെ സാന്നിധ്യവും സാമീപ്യവും അനുഭവിച്ചറിയാതെയുള്ള കർമങ്ങൾ വികലമാണ്. ഇഹ്സാൻ ഉൾച്ചേർന്ന കർമങ്ങളാവട്ടെ വർണനകൾക്ക് വഴങ്ങാത്ത അതീന്ദ്രിയമായ അനുഭവമാണ്.

ഇഹ്സാനിന്റെ ഉത്തമ മാതൃകകളായതിനാൽ പ്രവാചകന്മാരെ മുഹ്സിനീങ്ങളായിട്ടാണ് വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നത്. അല്ലാഹു ഇഹ്സാനുള്ളവരോടൊപ്പമാണ് എന്ന സൂറഃ *അന്നഹ്‌ലി*ലെ ആയത്തിനോളം സമാശ്വാസം നൽകുന്ന ഒരു ആയത്തും വിശുദ്ധ ഖുർആനിൽ ഇല്ല എന്ന് ഇബ്നു മസ്ഊദ് (റ) പറയുന്നു.

അല്ലാഹു സകല സംഗതികളിലും ഇഹ്സാൻ പുലർത്തിയിരിക്കുന്നു. ഇഹ്സാനോടുകൂടി സകലതിനെയും സൃഷ്ടിച്ചവനാണവൻ (*സജദ* 7) എന്ന് വിശുദ്ധ ഖുർആൻ. ഏതൊരു ആവശ്യത്തിനു വേണ്ടിയാണോ സൃഷ്ടിക്കപ്പെട്ടത് ആ ആവശ്യത്തിന് ഏറ്റവും അനുയോജ്യമായ രൂപത്തിലും വശ്യതയിലും സൃഷ്ടിച്ചു എന്നതാണ് സൃഷ്ടിപ്പിലെ ഇഹ്സാൻ കൊണ്ട് അർഥമാക്കുന്നത് എന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പറയുന്നു. വിശ്വാസി തന്റെ നിത്യജീവിത കർമങ്ങളിൽ ഇഹ്സാൻ കാത്തുസൂക്ഷിക്കണം. വിശ്വാസകർമങ്ങളുടെ പ്രതിഫലം നഷ്ടപ്പെടാതിരിക്കാൻ അതിലേക്ക് ഇഹ്സാൻ ഉൾച്ചേരുക എന്നത് അനിവാര്യമാണ്.